## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം :*186 | 14. 06. 2019 ൽ മറുപടിക്ക്

### കെ.എസ്.ഇ.ബി.യുടെ കാര്യക്ഷമത ഉയർത്തുന്നതിന് നടപടി

ചോദ്യം

ശ്രീ. സി.കെ.ഹരീന്ദ്രൻ
" റ്റി.വി.രാജേഷ്
" പി.വി.അൻവർ
" പി.ടി.എ.റഹീം

ഉത്തരം

ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി.എൽ. ഉല്പാദന പ്രസരണ വിതരണ മേഖലകളിൽ നിരവധി വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തുനടത്തുന്ന സാഹചര്യത്തിൽ സ്ഥാപനത്തിന്റെ സാമ്പത്തിക കാര്യക്ഷമത ഉയർത്തുന്നതിനും സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ:<br><br>(ബി) നവീകരണ പ്രവർത്തനങ്ങളെയും കാര്യക്ഷമതയെയും ബാധിക്കാത്ത തരത്തിൽ ചെലവുകൾ യുക്തിസഹമായി നിയന്ത്രിക്കുന്നതിനും ആസൂത്രണത്തിലൂടെ കെ.എസ്.ഇ.ബി.എൽ-നെ സാമ്പത്തികമായി കെട്ടുറപ്പുള്ള സ്ഥാപനമാക്കി നിലനിർത്തുന്നതിനും ആവശ്യമായ ഇടപെടൽ നടത്തുന്നുണ്ടോ: | (എ & ബി) കെ.എസ്.ഇ.ബി ലിമിറ്റഡിൽ സംസ്ഥാനത്തെ ഊർജ്ജ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ഗവൺമെന്റ് ആവിഷ്കരിച്ച ഊർജ്ജ കേരളാ മിഷൻ പദ്ധതി വിവിധ സർക്കാർ ഏജൻസികളുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്നു. സാമ്പത്തിക പരിമിതിയുണ്ടെങ്കിലും, വ്യക്തമായ ആസൂത്രണത്തോടെയും കാഴ്ചപ്പാടോടും കൂടി, ഈ പ്രവർത്തനങ്ങൾ നിലവിലുള്ള എല്ലാ വിഭവശേഷിയും പരമാവധി പ്രയോജനപ്പെടുത്തി പദ്ധതികളുടെ ഗുണഫലങ്ങൾ ഉപഭോക്താക്കളിലെത്തിക്കാൻ, ആത്മാർത്ഥമായ ശ്രമം കെ.എസ്.ഇ.ബി ലിമിറ്റഡ് നടത്തി വരുന്നു. ഇവ താഴെ പറയുന്നു.<br>1. പദ്ധതികൾ വ്യക്തമായ ആസൂത്രണത്തോടെ സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ അനുമതിക്കുവിധേയമായും നിർദ്ദേശാനുസരണവും സമയബന്ധിതമായും സാമ്പത്തിക പരിധിക്കുള്ളിൽ നിന്നും നടപ്പിലാക്കി വരുന്നു.<br>2. സംസ്ഥാനത്തെ വൈദ്യുതി ഉപയോഗം കഴിഞ്ഞ നാളുകളിൽ ക്രമാതീതമായി വർദ്ധിച്ചുവെങ്കിലും ഇതു മുൻകൂട്ടി കണ്ട് വളരെ മുൻപുതന്നെ കരാറിലേർപ്പെട്ടിരുന്ന വൈദ്യുതി കുറഞ്ഞ നിരക്കിൽ ലഭ്യമാക്കി വൈദ്യുതി വാങ്ങൽ തുക, ഗണ്യമായി നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്.<br>ഹ്രസ്വകാല വൈദ്യുതി വാങ്ങൽ പ്രക്രിയയിൽ, വിപണിയിലെ ദൈനംദിന ചലനങ്ങൾ സൂക്ഷ്മമായി വിശകലനം ചെയ്തും ഉപഭോഗത്തിലെ ഏറ്റക്കുറച്ചിലുകൾ പരിശോധിച്ചും ഫലപ്രദമായ ഇടപെടലുകൾ നടത്തി താരതമ്യേന കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കി വരുന്നു.<br>3. കോഴിക്കോട് ഐ.ഐ.എം പഠന റിപ്പോർട്ടിന്റെ അടിസ്ഥാനപ്പെടുത്തി വിവിധ തലങ്ങളിൽ കമ്മിറ്റികൾ രൂപീകരിച്ച് നിലവിലുള്ള മാനവശേഷി പൂർണ്ണമായി പ്രയോജനപ്പെടുത്തിയും തസ്തികകൾ പുനർക്രമീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. റെഗുലേറ്ററി കമ്മീഷൻ നിഷ്കർഷിക്കുന്ന ചട്ടങ്ങൾ പ്രകാരം പ്രവർത്തന പരിപാലന ചെലവ് (O&M cost) മിതപ്പെടുത്തുന്നതിനും ആത്മാർത്ഥമായ പരിശ്രമം ജീവനക്കാരുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്നു.<br>4. വൈദ്യുതി ചാർജ്ജ് പിരിച്ചെടുക്കുന്നതിൽ ഓരോ സെക്ഷൻ തലത്തിലുമുള്ള റവന്യൂ വിഭാഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ച് |

| | |
|---|---|
| | വ്യക്തമായ collection efficiency നിശ്ചയിച്ചുള്ള പ്രവർത്തനങ്ങൾ ഏകോപിച്ച് നടപ്പിലാക്കി വരുന്നതിനാൽ കുടിശ്ശിക ഗണ്യമായി കുറയുകയും വരുമാനം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്.<br>5. കേടായ എനർജി മീറ്ററുകൾ സമയബന്ധിതമായി ഗുണനിലവാരമുള്ള മീറ്ററുകൾ ഉപയോഗിച്ച് മാറ്റി വരുമാന നഷ്ടം ഒഴിവാക്കി വരുന്നു.<br>6. റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടെ, കിട്ടാകടങ്ങൾ പലിശ ഇളവു നൽകി, പിരിച്ചെടുക്കുന്നതിനു ഒറ്റതവണ തീർപ്പാക്കൽ പദ്ധതി വിജയകരമായി നടപ്പ സാമ്പത്തിക വർഷം നടപ്പിലാക്കി.<br>7. കൂടാതെ ഗവൺമെന്റ് തലത്തിൽ ഫലപ്രധമായ ഇടപെടലുകൾ നടത്തിയതുവഴി വാട്ടർ അതോറിറ്റിയിൽ നിന്നുള്ള കുടിശ്ശിക തുക ഘട്ടം ഘട്ടമായി ബജറ്റിൽ വകയിരുത്തി ലഭ്യമാക്കി വരുന്നു.<br>8. കെ.എസ്.ഇ.ബി.എല്ലിന്റെ വിജിലൻസ്, റവന്യൂ ആഡിറ്റ് എന്നീ വിഭാഗങ്ങൾ ശക്തിപ്പെടുത്തി വൈദ്യുതിയുടെ ദുരുപയോഗം മോഷണം എന്നിവ കണ്ടെത്തി റവന്യൂ നഷ്ടം ഒഴിവാക്കി വരുന്നു.<br>9. വിതരണ, പ്രസരണമേഖലയിൽ ആവശ്യം വേണ്ട വികസന പ്രവർത്തനങ്ങൾ നടത്തി പ്രസരണ വിതരണ നഷ്ടം കുറയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൽഫലമായി വൈദ്യുതി വാങ്ങലിന്റെ അളവ് കുറയ്ക്കാൻ സാധിക്കുന്നുണ്ട്.<br>10. സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് നിർണ്ണയ ചട്ടങ്ങൾ പ്രകാരം 2018 സാമ്പത്തിക വർഷത്തിൽ 1101.70 കോടി രൂപ അധിക വരുമാനം ലഭിക്കത്തക്ക വിധത്തിൽ ഒരു താരിഫ് പരിഷ്കരണ പെറ്റീഷൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ഇത് കമ്മീഷന്റെ സജീവ പരിഗണനയിലാണ്. |
| (സി) വായ്പ പുനഃസംഘടിപ്പിച്ച് കൂടിയ പലിശ നിരക്കിലുള്ള കടങ്ങൾ ഒഴിവാക്കുന്നതിനും ജീവനക്കാരുടെ സഹകരണത്തോടെ യുക്തിസഹമായ പുനർവിന്യാസത്തിനും ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ 17.04.2017 – ലെ താരിഫ് പരിഷ്കരണ ഉത്തരവിൽ കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ നിലനിൽപ്പിനും സാമ്പത്തിക ഭദ്രതയ്ക്കും ആവശ്യമായ രീതിയിൽ മാനവ വിഭവ ശേഷി കാര്യക്ഷമമായി വിനിയോഗിച്ച് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. പുറമെ കെ.എസ്.ഇ.ബിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് കോഴിക്കോട് ഐ.ഐ.എം. നടത്തിയ പഠന റിപ്പോർട്ടിലെ ശുപാർശകൾ സമയബന്ധിതമായി നടപ്പിലാക്കാനും നിർദ്ദേശിച്ചിരുന്നു. ഐ.ഐ.എം.നിർദ്ദേശങ്ങൾ പഠിക്കുന്നതിലേയ്ക്കായി രൂപീകരിച്ച ഉന്നത തല കമ്മിറ്റി നടപ്പിലാക്കേണ്ട വിഷയങ്ങൾ തീരുമാനിക്കുകയും പ്രസ്തുത വിഷയങ്ങളിൽ കൃത്യമായ ശുപാർശകൾ സമർപ്പിക്കുന്നതിനായി ഒരു സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയുണ്ടായി. സബ് കമ്മിറ്റി |

| | |
|---|---|
| | സമർപ്പിച്ച കരട് റിപ്പോർട്ട് വിശദമായി പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി 30.06.2019 –നു മുമ്പായി അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോർപ്പറേറ്റ് ഓഫീസ് ഉൽപ്പാദനം, പ്രസരണം, വിതരണം എന്നീ മേഖലകൾക്കായി നാലു വിദഗ്ധ സമിതികളെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത വിദഗ്ധ സമിതിയുടെ അന്തിമ റിപ്പോർട്ട് ലഭിച്ചതിനു ശേഷം ജീവനക്കാരുടെ സംഘടനകളുമായി ബോർഡ് തലത്തിൽ ചർച്ച ചെയ്തു തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br>കുറഞ്ഞ നിരക്കിലുള്ള വായ്പയെടുത്ത് നിരക്ക കൂടിയ വായ്പ തിരിച്ചടയ്ക്കുന്നത് കെ.എസ്.ഇ.ബി സ്ഥിരമായി ചെയ്തു വരുന്നു. കെ.എസ്.ഇ.ബി കഴിഞ്ഞ രണ്ട് വർഷക്കാലയളവിൽ ഏകദേശം 3500 കോടി രൂപയുടെ വായ്പ ഇപ്രകാരം പുന:സംഘടിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ